ആരോഗ്യ കേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: ആരോഗ്യരംഗത്ത് മാതൃകാ പദ്ധതി പ്രവർത്തനങ്ങൾ കാഴ്ചവച്ചതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ആരോഗ്യ കേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ജില്ലാ പഞ്ചായത്ത് വിഭാഗത്തിൽ കൊല്ലം ഒന്നാം സ്ഥാനത്തിന് അർഹമായി. 10 ലക്ഷം രൂപയാണ് പുരസ്കാരം. 5 ലക്ഷം രൂപയുടെ രണ്ടാം സ്ഥാനത്തിന് കാസർകോട് ജില്ലാ പഞ്ചായത്തും അർഹമായതായി മന്ത്രി കെ.കെ. ശൈലജ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മറ്റ് അവാർഡുകളും തുകയും: മുനിസിപ്പാലിറ്റി: 1. ചാലക്കുടി (10 ലക്ഷം). 2. ഹരിപ്പാട് (5 ലക്ഷം). 3. വളാഞ്ചേരി (3 ലക്ഷം) ബ്ലോക്ക് പഞ്ചായത്ത് 1. ചിറയിൻകീഴ് (10 ലക്ഷം), 2. നീലേശ്വരം(5 ലക്ഷം), 3. ചിറ്റുമല (3 ലക്ഷം) ഗ്രാമപഞ്ചായത്ത്: 1. കുടയത്തൂർ (10 ലക്ഷം). 2. കിളിമാനൂർ (7 ലക്ഷം), 3. മുട്ടം (6 ലക്ഷം).

ക്രിമിലെയർ സർട്ടിഫിക്കറ്റ്: കമ്മിഷൻ റിപ്പോർട്ട് തേടി

തിരുവനന്തപുരം: ലത്തീൻ കത്തോലിക്ക - സുറിയാനി കത്തോലിക്ക മിശ്രവിവാഹിതരുടെ മക്കൾക്ക് നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിനെതിരായ പരാതിയിൽ പിന്നാക്ക വിഭാഗ കമ്മിഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു.

ഉദ്യോഗസ്ഥരുടെ ഇത്തരം നടപടിക്കെതിരെ കെ.എൽ.സി.എ സംസ്ഥാന ജനറൽ സെക്രട്ടറി ഷെറി .ജെ. തോമസ് മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിക്കും പിന്നാക്കവിഭാഗ കമ്മിഷനും പരാതി നൽകിയിരുന്നു. ലത്തീൻ ആചാര പ്രകാരം സമുദായിക പിന്നാക്കാവസ്ഥയിലുള്ളവർക്ക് സമുദായ സർട്ടിഫിക്കറ്റിന് അവകാശമുണ്ടെന്നാണ് സുപ്രീം കോടതി വിധി. ഇത്തരം മിശ്രവിവാഹിതരുടെ മക്കൾക്ക് സ്കൂൾ രേഖകളിലും മറ്റും ലത്തീൻ കത്തോലിക്കയെന്ന് രേഖപ്പെടുത്തും. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങളിൽ മിശ്രവിവാഹിതരുടെ മക്കളെ ഒഴിവാക്കിയിട്ടില്ല. മിശ്രവിവാഹിതരുടെ മക്കൾക്ക് ഒ.ബി.സി സംവരണാനുകൂല്യങ്ങൾ നൽകണമെന്ന സർക്കാർ ഉത്തരവും നിലവിലുണ്ട്.

കേരള സിൻഡിക്കേറ്റിലേക്ക് 13പേർ

തിരുവനന്തപുരം: കേരള സർവകലാശാല സിൻഡിക്കേറ്റിലേക്ക് 13 അംഗ സമിതിയെ സർക്കാർ നാമനിർദ്ദേശം ചെയ്തു. ഡോ. എസ്. നസീബ് (കേരള സർവകലാശാല) ഡോ. പി. രാജേഷ്കുമാർ (ഗവ. കോളേജ്) ഡോ. ബി. ഉണ്ണിക്കൃഷ്ണൻ നായർ, ഡോ. കെ. ബി. മനോജ് (പ്രിൻസിപ്പൽ), എം. ശ്രീകുമാർ. ഡോ. കെ. ആർ. കവിത (എയ്ഡഡ് കോളേജ്) എം. ഹരികൃഷ്ണൻ (വിദ്യാർത്ഥി), അഡ്വ. കെ. എച്ച്. ബാബുജാൻ, ഷിജൂഖാൻ. ജെ.എസ്, ഡോ. കെ. ഷാജി, അഡ്വ. ജി. സുഗുണൻ, ഡോ. ആർ. ലതാദേവി, എം. ലെനിൻലാൽ (വിദ്യാഭ്യാസരംഗം) എന്നിവരെയാണ് നാമനിർദ്ദേശം ചെയ്തത്.

സ്വാശ്രയ മെഡിക്കൽ: പാവപ്പെട്ടവരുടെ ഫീസ് സർക്കാർ നൽകും

■ കഴിഞ്ഞ വർഷം പ്രവേശനം നേടിയവർക്കും ബാധകം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റിൽ പ്രവേശനം നേടുന്ന എല്ലാ നിർദ്ധന വിദ്യാർത്ഥികളുടെയും വാർഷിക ഫീസ് സർക്കാർ നൽകും.

ബി.പി.എൽ വിഭാഗത്തിലുള്ള എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ വാർഷിക ഫീസ് സർക്കാർ സ്കോളർഷിപ്പായി അനുവദിക്കുന്ന പദ്ധതിക്കാണ് സർക്കാർ രൂപം നൽകിയത്. കഴിഞ്ഞ വർഷം പ്രവേശനം നേടിയവർക്കും ഇത് ബാധകമാവും.

ഈ വിദ്യാർത്ഥികളുടെ ഫീസ് നൽകുന്നതിന് പ്രവേശന പരീക്ഷാ കമ്മിഷണറുടെ പേരിൽ കോർപ്പസ് ഫണ്ട് രൂപീകരിച്ചു. എൻ. ആർ.ഐ സീറ്റിൽ പ്രവേശനം നേടുന്ന ഓരോ വിദ്യാർത്ഥിയിൽ നിന്നും നിർദ്ധന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ ഈടാക്കുന്ന അഞ്ചു ലക്ഷം രൂപ സർക്കാരിന്റെ കോർപ്പസ് ഫണ്ടിലേക്ക് മാറ്റും. സർക്കാർ വിഹിതവും ഉണ്ടാവും.

എം.ബി.ബി.എസ് പ്രവേശനം നേടിയ വിദ്യാർത്ഥികളെ സഹായിക്കാൻ ആഗ്രഹമുള്ള വിദേശ മലയാളികൾക്കും വ്യക്തികൾക്കും സംഘടനകൾക്കും കമ്പനികൾക്കും എൻട്രൻസ് കമ്മിഷണറുടെ ഫണ്ടിലേക്ക് സംഭാവന നൽകാം. കൂലിപ്പണി, കാർഷികം, തോട്ടം, കെട്ടിട നിർമാണം, ഹോട്ടൽ, ചെറുകിട വ്യാപാര സ്ഥാപനം, കയർ, കശുഅണ്ടി, വീട്ടുജോലി, സ്വർണപ്പണി, ബീഡി, അലക്ക്, ലോട്ടറി വിൽപ്പന, ബാർബർ, വഴിയോരക്കച്ചവടം തുടങ്ങി 32 മേഖലയിൽ ജോലി ചെയ്യുന്നവരുടെ മക്കളുടെ ഫീസ് സർക്കാർ വഹിക്കും. പുറമ്പോക്കിൽ താമസിക്കുന്നവരുടെയും, സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവരുടെയും മക്കളും ഇതിൽപ്പെടും. ഒരേക്കറിനു മുകളിൽ ഭൂമിയുള്ളവർക്ക് ആനുകൂല്യം ലഭിക്കില്ല. മാസം 25,000 രൂപയിൽ കൂടുതൽ വരുമാനം ഉള്ളവരുടെ മക്കൾക്കും ആനുകൂല്യം ലഭിക്കില്ല.

പഴഞ്ചൻ വാഹനങ്ങൾ ഓടിച്ചാൽ സ്കൂളിനെതിരെ നടപടി

■ സ്കൂൾ വാഹനങ്ങളിൽ കാമറ പരിഗണനയിൽ

തിരുവനന്തപുരം: കുട്ടികളുടെ യാത്രയ്ക്ക് പഴഞ്ചൻ വാഹനങ്ങൾ ഓടിച്ചാൽ സ്കൂൾ അധികൃതർക്കെതിരെ കർശന നടപടിയെടുക്കാൻ തീരുമാനം.

15 വർഷം വരെ പഴക്കമുള്ള വാഹനങ്ങൾ പിന്നീട് പരിഷ്കരിച്ച് സ്കൂൾ ബസുകളായി ഉപയോഗിക്കുകയാണ്. അപകടങ്ങളിൽപ്പെടുന്ന പല വാഹനങ്ങളും പിന്നീട് പരിശോധിച്ചപ്പോൾ പ്രവർത്തനക്ഷമമല്ലായിരുന്നെന്ന് കണ്ടെത്തിയിട്ടുണ്ട്. വേണ്ടത്ര യോഗ്യതയില്ലാത്തവരും ശരിയായ പരിശീലനം ലഭിക്കാത്തവരും വാഹനങ്ങൾ ഓടിക്കുന്നത് തടയണം.

വീഴ്ച വരുത്തിയാൽ സ്കൂൾ അധികൃതർക്കെതിരെ നടപടിയെടുക്കാനും ഡി.ജി.പി ലോക്നാഥ് ബെഹ്റ വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിച്ചു.

സ്കൂൾ വാഹനങ്ങളുടെ പരിശോധന കർശനമാക്കും. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ കൂടുതൽ സമഗ്രമാക്കും.

ഇതിനായി സ്കൂൾ അധികൃതർ, അദ്ധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കും. സുരക്ഷ കർശനമാക്കാൻ വാഹനങ്ങളിൽ കാമറ സ്ഥാപിക്കുക, സുരക്ഷാനിർദ്ദേശങ്ങൾ സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുക, യാത്ര തുടങ്ങുമ്പോൾ ഡ്രൈവർമാർക്കുള്ള അനൗൺസ്മെന്റുകൾ നല്കുക തുടങ്ങിയ നിർദ്ദേശങ്ങളും യോഗം ചർച്ച ചെയ്തു.

സുരക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ 18നകം പൊലീസ് ആസ്ഥാനത്തെ അഡ്മിനിസ്ട്രേഷൻ ഐ.ജിക്ക് igpadmin.pol@kerala.gov.in ഇ-മെയിൽ വിലാസത്തിൽ നൽകാം.

നാളെ റെയിൽവേ റിസർവേഷൻ ഉച്ചവരെ

തിരുവനന്തപുരം: റംസാൻ ദിനമായ 15 ന് റെയിൽവേ മുൻകൂർ ടിക്കറ്റ് റിസർവേഷൻ കൗണ്ടറുകൾ രാവിലെ 8 മുതൽ ഉച്ചയ്ക്ക് 2 വരെ മാത്രമേ പ്രവർത്തിക്കുകയുള്ളുവെന്ന് റെയിൽവേ അറിയിച്ചു.

ഹയർ സെക്കൻഡറി: പ്രവേശനം ഇന്ന് വൈകിട്ട് നാലുവരെ

തിരുവനന്തപുരം: പ്രതികൂല കാലാവസ്ഥ മൂലം പ്രവേശന നടപടികൾ കാര്യക്ഷമമായി നടത്താൻ കഴിയാതിരുന്ന ഇടുക്കി, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിൽ ആദ്യ അലോട്ട്മെന്റ് അനുസരിച്ച് പ്രവേശനം നേടാനുള്ള സമയപരിധി ഇന്ന് വൈകിട്ട് നാല് വരെ ദീർഘിപ്പിച്ചു.

ആറ് വടക്കൻ ജില്ലകളിൽ പ്ലസ്‌വണ്ണിന് കൂടുതൽ സീറ്റ്

തിരുവനന്തപുരം: മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ എല്ലാ സർക്കാർ-എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും ഒന്നാം വർഷ ഹയർസെക്കൻഡറിക്ക് 10 ശതമാനം സീറ്റ് വർദ്ധിപ്പിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും ഈ അദ്ധ്യയനവർഷം 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിരുന്നു. ഇതിന് പുറമെയാണ് ആറ് ജില്ലകളിൽ 10 ശതമാനം സീറ്റ് കൂടി വർദ്ധിപ്പിക്കുന്നത്.

മലബാർ ജില്ലകളിൽ ഒന്നാം വർഷ ഹയർസെക്കൻഡറി സീറ്റുകൾ കുറവായത് കാരണം കുട്ടികൾ ബുദ്ധിമുട്ടുകയാണെന്ന് കാണിച്ച് കഴിഞ്ഞ ദിവസം പ്രതിപക്ഷം നിയമസഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. സഭയിലടക്കം ആക്ഷേപമുയർന്ന സാഹചര്യത്തിലാണ് മന്ത്രിസഭയുടെ പുതിയ തീരുമാനം. 10 ശതമാനം സീറ്റ് വർദ്ധിപ്പിച്ചെങ്കിലും ആവശ്യമുള്ളവർ മാത്രം അധിക സീറ്റ് എടുത്താൽ മതിയാകും. ഈ സീറ്റുകളിലേക്ക് രണ്ടാംഘട്ട അലോട്ട്മെന്റിൽ പ്രവേശനം നടത്തും.

പ്ലസ് വൺ : അര ലക്ഷത്തിലേറെ സംവരണ സീറ്റിൽ ആളില്ല

■ 20ന് രണ്ടാം അലോട്ട്മെന്റ്, 21ന് ക്ലാസ് തുടങ്ങും

◗ എസ്. പ്രേംലാൽ

തിരുവനന്തപുരം: പ്ലസ് വൺ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ സംസ്ഥാനത്താകെ 51496 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ 42 സീറ്റ് മാത്രമാണ് ജനറൽ വിഭാഗത്തിലുള്ളത്. ബാക്കി സംവരണ സീറ്റുകളാണ്. ജനറൽ വിഭാഗത്തിൽ ഒഴിവുള്ള 42 സീറ്റും ഇടുക്കി ജില്ലയിലാണ്.

സംവരണ സീറ്റുകളിൽ വേണ്ടത്ര അപേക്ഷകരില്ലാത്തതും സംവരണ വിഭാഗത്തിലെ കുട്ടികൾ ഉയർന്ന ഗ്രേഡ് വാങ്ങി ജനറൽ സീറ്റിൽ എത്തിയതുമാണ് ഇത്രയും സീറ്റ് ഒഴിയാനിടയാക്കിയത്. പട്ടിക വിഭാഗം സംവരണത്തിലാണ് കൂടുതൽ ഒഴിവുള്ളത്. രണ്ടാം അലോട്ട്മെന്റ് കഴിയുകയും, കുട്ടികൾ സ്കൂളുകളിൽ പ്രവേശനം നേടുകയും

ചെയ്ത ശേഷമേ ഒഴിവുള്ള സീറ്റുകളുടെ യഥാർത്ഥ ചിത്രം തെളിയൂ. 20ന് രണ്ടാം അലോട്ട്മെന്റ് കഴിഞ്ഞ് 21ന് ക്ലാസ് തുടങ്ങും. അതിന് ശേഷം ഒഴിവുവരുന്ന സീറ്റുകളിൽ സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തും. മൊത്തം സീറ്റുകൾ 2,89,469 ഉം, അപേക്ഷകരുടെ എണ്ണം 2,89,469 ഉം.

സംവരണ സീറ്റ് (ആദ്യ അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ):

■ പട്ടികജാതി:
മൊത്തം സീറ്റ്- 43018
അലോട്ട്മെന്റ്- 32624
ശേഷിക്കുന്നത്- 10394 സീ

■ പട്ടിക വർഗം:
മൊത്തം സീറ്റ്- 30434
അലോട്ട്മെന്റ്- 4283 പേർക്ക്
ശേഷിക്കുന്നത്- 26151

■ ഈഴവ, തീയ്യ:
മൊത്തം സീറ്റ്- 14051
അലോട്ട്മെന്റ്- 13970
ശേഷിക്കുന്നത്- 81

■ മുസ്ലിം :
മൊത്തം സീറ്റ്- 11317
അലോട്ട്മെന്റ്-11179
ശേഷിക്കുന്നത്-138

■ ആംഗ്ലോ ഇന്ത്യൻ:
മൊത്തം -5597
അലോട്ട്മെന്റ്-2540
ശേഷിക്കുന്നത് -3057

■ ക്രിസ്ത്യൻ ഒ.ബി.സി:
മൊത്തം സീറ്റ്-2302
അലോട്ട്മെന്റ്-1282
ശേഷിക്കുന്നത്- 1020

■ ധീവരർ:
മൊത്തം സീറ്റ്- 2863
അലോട്ട്മെന്റ്- 1100
ശേഷിക്കുന്നത്- 1763

■ വിശ്വകർമ്മജർ
മൊത്തം സീറ്റ്-2863
അലോട്ട്മെന്റ്- 2836
ശേഷിക്കുന്നത്-27

2,38,033 സീറ്റുകളിൽ അലോട്ട്മെന്റായി

തിരുവനന്തപുരം: പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ ജനറൽ മെരിറ്റിൽ വെറും 42 സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത്. ആകെയുള്ള 2,89,469 സീറ്റുകളിൽ 2,38,033 സീറ്റുകളിൽ അലോട്ടുമെന്റായി. 4,96,609 അപേക്ഷകരാണ് മൊത്തമുള്ളത്. സംവരണ സീറ്റുൾപ്പെടെ 51496 സീറ്റുകളിലാണ് ഒഴിവുള്ളത്. ജനറൽ മെരിറ്റിൽ 1,57,594 സീറ്റുകളുള്ളതിൽ 1,57,552 സീറ്റുകളിൽ അലോട്ടുമെന്റായി.

ജില്ല തിരിച്ചുള്ള അലോട്ട്മെന്റ് കണക്ക് ഇങ്ങനെ.

തിരുവനന്തപുരം 13164, കൊല്ലം 11991, പത്തനംതിട്ട 6761, ആലപ്പുഴ 10499, കോട്ടയം 9563, ഇടുക്കി 4894, എറണാകുളം 13445, തൃശ്ശൂർ 14160, പാലക്കാട് 12658, കോഴിക്കോട് 15181, മലപ്പുറം 21510, വയനാട് 4050, കണ്ണൂർ 13315, കാസർകോട് 6361.

സ്വർണവ്യാപാരികളുടെ സെമിനാർ 19ന്

തിരുവനന്തപുരം: ചരക്ക് സേവന നികുതിയും അനുബന്ധ വിഷയങ്ങളും സ്വർണവ്യവസായ മേഖലയും എന്ന വിഷയത്തിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫൈനാൻസ് ആൻഡ് ടാക്സേഷന്റെ സഹകരണത്തോടെ ആൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ 19ന് മസ്കറ്റ് ഹോട്ടലിൽ സെമിനാർ നടത്തുമെന്ന് അസോസിയേഷൻ ഭാരവാഹികളായ ഡോ. ബി. ഗോവിന്ദൻ, എസ്. അബ്ദുൽ നാസർ, കണ്ണൻ ശരവണ, കെ. സുരേന്ദ്രൻ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രാവിലെ 10ന് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യും. ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുടെ പുതിയ നിർദ്ദേശങ്ങളും സെമിനാറിൽ ചർച്ച ചെയ്യും.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. ബി. ഗോവിന്ദൻ അദ്ധ്യക്ഷത വഹിക്കും. ചാർട്ടേഡ് അക്കൗണ്ടന്റ് അനന്തശിവമണി മോഡറേറ്ററായിരിക്കും.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഡി. നാരായണ മുഖ്യ പ്രഭാഷണം നടത്തും. വിവിധ വകുപ്പ് മേധാവികളായ പി.എസ്. കിരൺലാൽ, ഡോ. എൻ. രാമലിംഗം, ഡോ. തോമസ് ജോസഫ്, കെ. സുരേഷ്, സന്ദീപ് എസ്. കുമാർ, വെങ്കട്ടരാമയ്യർ, എസ്. സുരേഷ്, ജി.എസ്. കൽകുറ തുടങ്ങിയവർ സംസാരിക്കും.

വിളംബരം

എസ്.എസ്.എൽ.സി സേ ഫലം പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: ഈ വർഷത്തെ എസ്.എസ്.എൽ.സി സേ ഫലം www.keralapareekshabhavan.in ൽ.

ബി.ടെക് ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്റർ

തിരുവനന്തപുരം: കേപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന കോളേജ് ഒഫ് എൻജിനീയറിംഗ്, മുട്ടത്തറയിൽ എൻട്രൻസ് കമ്മിഷണറുടെ വെബ്സൈറ്റിൽ ബി.ടെക് അഡ്മിഷന് ഓപ്ഷൻ നൽകുന്നതിന് എൻട്രൻസ് കമ്മിഷണറുടെ നിയന്ത്രണത്തിലുള്ള ''ഫെസിലിറ്റേഷൻ സെന്റർ'' കോളേജിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്ക് സൗജന്യമായി 18 മുതൽ (10 മണി മുതൽ 4 മണി വരെ) ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് www.cee.muttathara.org. ഫോൺ : 0471-2500211

എൻജി./ മെഡിക്കൽ: ശാരീരിക അവശരുടെ പരിശോധന

തിരുവനന്തപുരം: മെഡിക്കൽ, എൻജിനിയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള ശാരീരിക വൈകല്യമുള്ളവരെ 18, 19 തീയതികളിൽ സംസ്ഥാനതല മെഡിക്കൽ ബോർഡിന്റെയും വകുപ്പ് അദ്ധ്യക്ഷന്മാരുടെയും പരിശോധനയ്ക്ക് വിധേയരാക്കുമെന്ന് എൻട്രൻസ് കമ്മിഷണർ അറിയിച്ചു. വിദ്യാർത്ഥിയുടെ ശാരീരിക ക്ഷമത, പഠിക്കാൻ യോഗ്യമായ കോഴ്സ് എന്നിവയെക്കുറിച്ച് ഈ സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവും കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുക. ശാരീരിക അവശതയുള്ള വിദ്യാർത്ഥികളുടെ പരിശോധന തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് കാമ്പസിലെ ഓൾഡ് ആഡിറ്റോറിയത്തിലാണ് നടത്തുക. അറിയിപ്പ് ലഭിക്കാത്തവരും പരിശോധനയ്ക്ക് ഹാജരാകണം. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക അവശത സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, ചികിത്സാ രേഖകൾ എന്നിവയുമായി ഹാജരാകണം. നേരിട്ട് ഹാജരാകാത്തവരെ ശാരീരിക അവശതയുള്ളവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തില്ലെന്നും എൻട്രൻസ് കമ്മിഷണർ അറിയിച്ചു.

മെഡിക്കൽ പ്രവേശനം: കേരള റാങ്ക്‌ലിസ്റ്റിന് 17വരെ നീറ്റ് ഫലം നൽകാം

തിരുവനന്തപുരം: മെഡിക്കൽ, ഡെന്റൽ കോഴ്സുകളിൽ പ്രവേശനത്തിന് നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് 17ന് വൈകിട്ട് 5വരെ നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കാം. www.cee.kerala.gov.in ലൂടെയാണ് നീറ്റ് ഫലം സമർപ്പിക്കേണ്ടത്. എല്ലാ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെയും എൻ.ആർ.ഐ, മൈനോറിട്ടി അടക്കം മുഴുവൻ സീറ്റുകളിലേക്കും പ്രവേശനം നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിലുള്ള ഏകീകൃത കൗൺസലിംഗ് വഴി എൻട്രൻസ് കമ്മിഷണറാണ് നടത്തുന്നത്.

ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി മെഡിക്കൽ കോഴ്സുകളിലേക്കും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേക്കും പ്രവേശനം നീറ്റ് റാങ്ക് അടിസ്ഥാനമാക്കിയാണ്. എൻജിനിയറിംഗ്, ഫാർമസി, ആർക്കിടെക്ചർ കോഴ്സുകൾക്ക് ഇതിനകം അപേക്ഷിച്ചെങ്കിലും മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോയവർക്ക് നിലവിലെ അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ കൂട്ടിച്ചേർക്കാം. നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാഫലം ഓൺലൈനായി സമർപ്പിക്കാത്തവരെ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തില്ലെന്ന് എൻട്രൻസ് കമ്മിഷണർ അറിയിച്ചു.

മെഡിക്കൽ, അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിച്ചവർ KEAM 2018-Candidate Portalൽ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും നൽകി ഹോം പേജിൽ പ്രവേശിച്ച് ‘NEET Result Submission‘ എന്ന മെനു ക്ലിക്ക് ചെയ്യണം. നീറ്റ് റോൾനമ്പർ, ആപ്ലിക്കേഷൻ നമ്പർ, ജനനത്തീയതി എന്നിവ നൽകുമ്പോൾ അപേക്ഷകന്റെ വിവരങ്ങളും നീറ്റ് അഖിലേന്ത്യാ റാങ്കും ദൃശ്യമാവും. വിവരങ്ങൾ ശരിയാണെങ്കിൽ ‘Verified and Submit‘ എന്ന ലിങ്കിലൂടെ ‘NEET Result Submission Report‘ ക്ലിക്ക് ചെയ്ത് പ്രിന്റൗട്ട് എടുക്കണം. ഇവ എൻട്രൻസ് കമ്മിഷണർക്ക് അയയ്ക്കേണ്ടതില്ല. ഹെൽപ്പ്‌ലൈൻ നമ്പറുകൾ-0471 2339101, 2339102, 2339103, 2339104

പി.എസ്.സി
www.keralapsc.gov.in

മാറ്റിവച്ച പ്രമാണ പരിശോധന

കാറ്റഗറി നമ്പർ 71/2017 പ്രകാരം കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയുടെ മാറ്റിവച്ച പ്രമാണപരിശോധന 18 മുതൽ 22 വരെ കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസിൽ നടത്തും.

ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 658/2017 പ്രകാരം തിരുവനന്തപുരം ജില്ലയിൽ എൻ.സി.സി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് (വിമുക്തഭടന്മാരിൽ നിന്ന് മാത്രം) തസ്തികയുടെ ഒറ്റത്തവണ വെരിഫിക്കേഷൻ 18 മുതൽ 21 വരെ തിരുവനന്തപുരം ജില്ലാ പി.എസ്.സി ഓഫീസിൽ നടത്തും.

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 464/2013 പ്രകാരം ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ സൂപ്പർവൈസർ തസ്തികയ്ക്ക് 20നും, കാറ്റഗറി നമ്പർ 544/2014 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (എൻജിനിയറിംഗ് കോളേജുകൾ) അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് തസ്തികയ്ക്ക് 20, 21, 22, 27, 28, 29 തീയതികളിലും, കാറ്റഗറി നമ്പർ 158/2017, 231/2017, 352/2017 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ മാത്തമാറ്റിക്സ് (എൻ.സി.എ -എസ്.സി & എസ്.ടി.) തസ്തികയ്ക്കും കാറ്റഗറി നമ്പർ 353/2017 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ മാത്തമാറ്റിക്സ് (എൻ.സി.എ.-എസ്.ഐ.യു.സി.നാടാർ) തസ്തികയ്ക്കും കാറ്റഗറി നമ്പർ 77/2017 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹോം സയൻസ് (ചൈൽഡ് ഡവലപ്മെന്റ്) തസ്തികയ്ക്കും ജൂലായ് 12 ന് പി.എസ്.സി ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടത്തും.

വകുപ്പുതല വാചാപരീക്ഷ

ജൂലായിലെ വകുപ്പുതല പരീക്ഷയുമായി ബന്ധപ്പെട്ട് സർവീസിലുള്ള അന്ധരായ ഉദ്യോഗസ്ഥർക്കായി നടത്തുന്ന വാചാ പരീക്ഷയ്ക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 05.06.2018 തീയതിയിലെ അസാധാരണ ഗസറ്റിലും കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

ഒന്നാം വർഷബിരുദം: കമ്മ്യൂണിറ്റി ക്വോട്ട പ്രവേശനം

വിവിധ എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ട പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളവരുടെ മെരിറ്റ് റാങ്ക് ലിസ്റ്റ് ഇന്ന് ബന്ധപ്പെട്ട കോളേജിൽ പ്രസിദ്ധപ്പെടുത്തും. പരാതിയുള്ളവർ കോളേജ് പ്രിൻസിപ്പലിന് 20 നകം രേഖാമൂലം പരാതി നൽകണം. അന്തിമ പട്ടിക 22 ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് അതത് കോളേജ് പ്രിൻസിപ്പലുമായി ബന്ധപ്പെടുക.

ഓരോ വിഷയത്തിനും കമ്മ്യൂണിറ്റി ക്വാട്ടയിൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം റാങ്ക് പട്ടികയോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നത് വിദ്യാർത്ഥികൾക്ക് പരിശോധിക്കാം. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം 30 ന് വിവിധ കോളേജുകളിൽ നടക്കും.

സ്പോർട്സ് ക്വോട്ട പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ സ്പോർട്സ് ക്വോട്ട പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് ഇന്ന് അതത് കോളേജിൽ പ്രസിദ്ധപ്പെടുത്തും. പരാതിയുള്ളവർ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് 21-നകം രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഗണിച്ച ശേഷം അന്തിമ പട്ടിക 22-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. സർവകലാശാലയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം 30-ന് കോളേജുതലത്തിൽ പ്രവേശനം നടക്കും

കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

2018-19 കാലയളവിൽ സി.ബി.സി.എസ് കോഴ്സുകളിൽ 4-ാം സെമസ്റ്റർ പരീക്ഷ രജിസ്റ്റർ ചെയ്തിട്ടുള്ള റെഗുലർ വിദ്യാർത്ഥികൾക്ക് കോളേജ് മാറ്റത്തിന് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ പഠിക്കുന്ന കോളേജിലേയും ചേരാനുദ്ദേശിക്കുന്ന കോളേജിലേയും പ്രിൻസിപ്പാൾമാരുടെ ശുപാർശയോടെ, 1000 രൂപ ഫീസടച്ച് ജൂലായ് 12 ന് മുമ്പായി രജിസ്ട്രാറുടെ ഓഫീസിൽ സമർപ്പിക്കണം. അടിസ്ഥാന യോഗ്യതയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് അപേക്ഷയൊടോപ്പം സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർ 1500 രൂപ അധികം അടയ്ക്കണം. അന്തർ സർവകലാശാലാ മാറ്റത്തിനായി സിലബസ് മാതൃസർവകലാശാലാ രജിസ്ട്രാറിന്റെ അംഗീകാരത്തോടുകൂടി അപേക്ഷയൊടോപ്പം സമർപ്പിക്കണം. ഫീസ് 2000 രൂപയാണ്.

പി എച്ച്.ഡി നൽകി

ജീന ജോൺ (കെമിസ്ട്രി), ജയലക്ഷ്മി (ബോട്ടണി), ആൽഫി റോസ് ജയിംസ്, മല്ലിക വി., പ്രവി വിദ്യാധരൻ (ബയോടെക്നോളജി), ദൃശ്യ ജി വി. (ഫ്യൂച്ചർസ് സ്റ്റഡീസ്). ഡോ. സുജാത എസ് (മെഡിസിൻ) ജിജ്ഞ വർഗീസ് ജേക്കബ് (ഇംഗ്ലീഷ്) ആസിഫ് ഇ. (ലാ), സാബു ആർ. എൽ, മിനി ബി. നായർ (മാനേജ്മെന്റ് സ്റ്റഡീസ്), ഷിബിന. എസ് (ഇക്കണോമിക്സ്) ജിജി കുര്യൻ, ദിവ്യ. എസ്. ആർ (ഫിസിക്കൽ എഡ്യൂക്കേഷൻ)) എന്നിവർക്ക് പി എച്ച്. ഡി. നൽകി.

പരീക്ഷാഫലം

രണ്ടാം വർഷ ബി. എ. എം. എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും 30 വരെ അപേക്ഷിക്കാം.

യു.ജി.സി.-നെറ്റ്/ പരിശീലന ക്ലാസ്

യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ യു.ജി.സി.-നെറ്റ്/ ജെ. ആർ. എഫ് പരീക്ഷകളുടെ ജനറൽ പേപ്പറിന് ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് 20 മുതൽ പരിശീലനം നൽകും. യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, സ്റ്റുഡൻസ് സെന്റർ, പി.എം.ജി. ജംഗ്ഷൻ, തിരുവനന്തപുരം, ഫോൺ- 0471-2304577 വിലാസത്തിൽ ബന്ധപ്പെടുക.

പരീക്ഷ വിജ്ഞാപനം

പത്താം സെമസ്റ്റർ ബി. ആർക്ക് (2013 സ്കീം) റഗുലർ പരീക്ഷയുടെ വിജ്ഞാപനം വെബ്സൈറ്റിൽ.

പരീക്ഷാഫലം

ഏഴാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

ഏഴാം സെമസ്റ്റർ ബി.ടെക് (റഗുലർ, സപ്ലിമെന്ററി, സെഷനൽ ഇംപ്രൂവ്മെന്റ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അവസാന തിയതി ജൂലായ് 5.

കരിയർ റിലേറ്റഡ് സി.ബി.സി.എസ് രാം സെമസ്റ്റർ ബി.എസ്‌സി ഫിസിക്സ് ആന്റ് കംപ്യൂട്ടർ അപ്ലിക്കേഷൻ (2016 അഡ്മിഷൻ- റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013 & 2014 അഡ്മിഷൻ- സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലായ് 6 വരെ അപേക്ഷിക്കാം.

എം.ജി
www.mgu.ac.in

ബിരുദ ഏകജാലകം: ആദ്യ അലോട്ട്മെന്റ്

ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് 18ന് പ്രസിദ്ധീകരിക്കും. പ്രവേശനത്തിന് അർഹത നേടുന്നവർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് 20ന് വൈകിട്ട് 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സഹിതം പ്രവേശനം നേടണം. 20നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും.

ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിറുത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം മാറ്റം ലഭിക്കുന്ന പക്ഷം പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. എന്നാൽ ഇപ്രകാരം മാറ്റം ലഭിക്കുന്നവർ ബാങ്കിൽ പുതുതായി ഫീസൊടുക്കേണ്ടതില്ല. 21 മുതൽ 22 വരെ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യമുണ്ട്.

ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിരപ്രവേശനം ഉറപ്പുവരുത്തണം.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ് വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സർവ്വകലാശാല നിഷ്ക്കർഷിച്ചിരിക്കുന്നതിലേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കും.

റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു

വിവിധ പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ പ്രവേശനപരീക്ഷയുടെ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. യോഗ്യരായ വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് സെലക്ട്‌ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കും. റാങ്ക്‌ലിസ്റ്റ് www.cat.mgu.ac.in ൽ. ഫോൺ: 9526261718.

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി. സി.എ (2013 അഡ്മിഷന് മുമ്പ് സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്/ മേഴ്സി ചാൻസ്) ഫെബ്രുവരി 2018 പരീക്ഷയുടെ പ്രാക്ടിക്കൽ 20ന് തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠിൽ നടത്തും.

അഞ്ചാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ്.) സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷയുടെ കഥകളി വേഷം പ്രാക്ടിക്കൽ 18 മുതൽ 19 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടത്തും.

പിഎച്ച്.ഡി അഭിരുചി പരീക്ഷാഫലം

ജൂൺ 2ന് നടത്തിയ പി.എച്ച്.ഡി. അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലവും മാർക്ക് ലിസ്റ്റും വെബ്സൈറ്റിൽ.

പരീക്ഷാഫലം

സ്കൂൾ ഒഫ് എൻവയോൺമെന്റൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ് സി (എൻവയോൺമെന്റൽ ആൻഡ് അറ്റ്മോസ്ഫെറിക് സയൻസ് സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനം

ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ 25 ന് ആരംഭിക്കും. സർവകലാശാലനേരിട്ട് ഏകജാലക സംവിധാനത്തിലൂടെ മെരിറ്റ് സീറ്റുകളിലേക്കും, പട്ടികജാതി/ പട്ടിക വർഗ (എസ്.സി/എസ്.ടി.)/സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (എസ്.ഇ.ബി.സി.)/മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ (ഇ.ബി.എഫ്.സി) എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ അലോട്ട്മെന്റ് നടത്തും.

ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ PGCAP എന്ന ലിങ്കിൽ പ്രവേശിച്ച് ‘അക്കൗണ്ട് ക്രിയേഷൻ‘ ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷകന്റെ പേര്, ഇ-മെയിൽ വിലാസം, ജനനതീയതി, സംവരണ വിഭാഗം എന്നീ വ്യക്തിഗത വിവരങ്ങൾ നൽകി പാസ് വേഡ് സൃഷ്ടിച്ചശേഷം ഓൺലൈനായി നിശ്ചിത ആപ്ലിക്കേഷൻ ഫീസ് ഒടുക്കണം. പൊതുവിഭാഗത്തിന് 1100 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 550 രൂപയുമാണ് അപേക്ഷാഫീസ്. അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പരായിരിക്കും ലോഗിൻ ഐഡി. ഓൺലൈനായി ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ വ്യക്തിഗത അക്കാദമിക വിവരങ്ങൾ നൽകേണ്ടതും വിശദമായ പരിശോധനകൾക്ക് ശേഷം ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യേണ്ടതുമാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 29 വരെ നടത്താം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ആദ്യ അലോട്ട്മെന്റ് ജൂലായ് 9ന് നടത്തും. കൂടുതൽ വിവരങ്ങൾ www.cap.mgu.ac.in ൽ ലഭ്യമാണ്. ഇമെയിൽ : pgcap@mgu.ac.in

കാലിക്കറ്റ്
www.universityofcalicut.info

വൈവാവോസി

വിദൂരവിദ്യാഭ്യാസം ഫൈനൽ എം.എ പൊളിറ്റിക്കൽ സയൻസ് വൈവാവോസി 28-ന് പരീക്ഷാഭവൻ കോൺഫറൻസ് ഹാളിൽ നടക്കും.

പ്രാക്ടിക്കൽ

വിദൂരവിദ്യാഭ്യാസം ആറാം സെമസ്റ്റർ ബി. എസ് സി കൗൺസലിംഗ് സൈക്കോളജി സി.യു.സി.ബി.സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി, സി.സി.എസ്.എസ് സപ്ലിമെന്ററി പ്രാക്ടിക്കൽ 20-ന് കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ ആരംഭിക്കും.

പരീക്ഷാ മാറ്റം

ഒമ്പതാം സെമസ്റ്റർ ബി. ബി. എ, എൽ എൽ.ബി (ഓണേഴ്സ്, 2011 സ്കീം) റഗുലർ/സപ്ലിമെന്ററി പരീക്ഷ ജൂൺ 27 മുതൽ നടക്കും.

അഞ്ചാം സെമസ്റ്റർ എൽ എൽ.ബി യൂണിറ്ററി (ത്രിവത്സരം, 2015 സ്കീം) റഗുലർ പരീക്ഷ ജൂൺ 27 മുതൽ നടക്കും.

പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം പ്രാക്ടിക്കൽ/വൈവ 30-ന് അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിൽ നടക്കും.

പരീക്ഷാ അപേക്ഷ

ഒന്നാം വർഷ എം. ബി. ബി. എസ് സപ്ലിമെന്ററി പരീക്ഷക്ക് അപേക്ഷ, ചെലാൻ സഹിതം 28-നകം ലഭിക്കണം. പേപ്പർ ഒന്നിന് 2,500 രൂപ.